പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2020** — 8/03/2018 ൽ മറുപടിക്ക്

# ഓഡിറ്റ് പൂർത്തീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഓഡിറ്റ് പൂർത്തിയാക്കിയ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 19 സ്ഥാപനങ്ങളുടെ 2016-2017 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓഡിറ്റ് പൂർത്തിയാക്കിയവയിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഓഡിറ്റ് പൂർത്തിയാക്കിയവയിൽ ആറ് പൊതുമേഖലാ സ്ഥാപനങ്ങളാണ് 2016-17 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചത്. |
| (സി) ഓഡിറ്റ് പൂർത്തിയാക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച നിജസ്ഥിതി എങ്ങനെയാണ് മനസ്സിലാക്കാനാവുന്നതെന്ന് വ്യക്തമാക്കുമോ; | (സി) പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം പത്താം തീയതിക്കു മുമ്പ് പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡിന് ( റിയാബ്) നൽകുന്നു. ഈ റിപ്പോർട്ടിൽ കമ്പനികളുടെ അതത് മാസത്തെ വിറ്റുവരവും ഉല്പാദന ചെലവുകളും ലാഭ-നഷ്ട കണക്കുകളും സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുന്നു. ഈ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു മുമ്പുള്ള ലാഭ-നഷ്ട കണക്കുകൾ വിലയിരുത്തുന്നത്. |
| (ഡി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് യഥാസമയം നടത്തുന്നതിന്റെ പുരോഗതി റിയാബ് മുഖേന വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുണ്ട്. ഓഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശം നൽകിവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

| Sl.No. | Company | Statutory Audit completed by the auditor upto |
|---|---|---|
| 1 | Autokast Ltd | 2016-17 |
| 2 | HANTEX | 2016-17 |
| 3 | KEMDEL | 2016-17 |
| 4 | Kerala Clays and Ceramic Products Ltd | 2016-17 |
| 5 | Kerala Electrical & Allied Engineering Company Ltd | 2016-17 |
| 6 | Kerala State Drugs & Pharmaceuticals Ltd | 2016-17 |
| 7 | Kerala State Handloom Development Corporation Limited | 2016-17 |
| 8 | Kerala State Industrial Development Corporation Ltd | 2016-17 |
| 9 | SAIL-SCLKerala Ltd | 2016-17 |
| 10 | Steel and Industrial Forgings Ltd | 2016-17 |
| 11 | Steel Industrials Kerala Limited | 2016-17 |
| 12 | TEXFED | 2016 – 17 |
| 13 | The Alleppey Cooperative Spinning Mills Ltd | 2016-17 |
| 14 | The Cannanore Co-operative Spinning Mills Ltd | 2016-17 |
| 15 | The Kerala Minerals and Metals Ltd | 2016-17 |
| 16 | The Malappuram Co-operative Spinning Mills Ltd | 2016-17 |
| 17 | The Metal Industries Ltd | 2016-17 |
| 18 | The Travancore Cochin Chemicals Ltd | 2016-17 |
| 19 | Traco Cable Company Ltd | 2016-17 |